# *യക്ഷമേഘം*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

*ഇന്നലെയുടെ വിതുമ്പൽ:*
പാഠപുസ്തക-
മഷിയറിയാത്ത
വചനമാംസ-
വേഴാമ്പൽ —
സരയുവിൽ, ഗംഗയിൽ
നിളയിൽ, പമ്പയിൽ
കാവേരിയിൽ, നർമ്മദയിൽ
കുറുകെപ്പറക്കാൻ
ചിറകടിക്കും
പക്ഷിക്കുഞ്ഞിൻ
കുറുകൽ.

അതിഭാരത്തിന്റെ
ഘനനീഡ ജഘനം
താങ്ങാനാവാതെ,
തെംസിലെ, ദന്യൂബിലെ,
വോൾഗയിലെ, ഡോണിലെ
ജലധാരയുടെ തീരാദു:ഖത്തിൽ
ഉയരാനാവാതെ,
മൊറീഷ്യസിൽനിന്നും
"ദുർവ്വിസ"യിൽ കുടിയേറിയ
"ഡോഡോ"* യുടെ വിലാപം —
പറക്കാത്ത പറവനിഴൽ.

വാഷിങ്ടൺ ബ്രിഡ്ജിനെ
തൊട്ടുരുമ്മും ഉരുക്കുകമ്പിയെ
മറികടക്കും ഇ.സി.പാസ്സിനെ
പുച്ഛിച്ചുഹസിച്ച്
ഹഡ്സണിൽ നിപതിക്കും
പഴമയുടെ തേങ്ങൽ.

വാഷി പാലത്തിൽ**
ചുങ്കം കൊടുക്കാത്ത
കടൽപള്ളയിലെ
ഋജുവായ കുറുക്കുവഴിയിൽ
ശിവക്ഷേത്രക്കൊടിമരത്തിൽ
കൂടുകൂട്ടി കൂട്ടുകൂടും
അറ്റുവീണ
പരിശോധകച്ചിറകുകൾ.

കൊച്ചിപ്പാലത്തിൽ
കുലുങ്ങിച്ചിരിച്ച്
കൊച്ചെറണാങ്കുള-
ക്കൊക്കിന്റെ കൊക്കിലെ
അയസ്കാന്ത സ്വപ്ന-
ദിശാബോധത്തിന്റെ
താങ്ങാത്തയലയടി
പരിരക്ഷാപരീക്ഷ.

*ഇന്നിന്റെ തേങ്ങൽ*:
രാജഹംസത്തെ തിരയും
മരുന്നു പുരട്ടാത്ത
ഇറ്റുന്ന മുറിവുകൾ;
കളിക്കുളച്ചുണ്ടിയിലെ
രാസക്രീഡാപ്പരലുകൾ;
അമ്പലക്കുള സ്ഫടിക-
നാട്ടുകൂട്ടത്തിലെ
വിരാൽ ഘോഷയാത്ര;
പൊവായ്തടാകത്തിൽ***
അളിഞ്ഞലിയുന്ന
രാസനാമമത്സ്യക്കൂട്ടം;
ആഗ്രയിലെ
ചതുപ്പുനിലപ്പായലിൽ
വറുക്കുന്ന വറുതികൾ;

*നാളെയുടെ പുഞ്ചിരിച്ചിറക്:*
കുഴിച്ചുമൂടിയ ദുസ്വപ്നത്തിൽ
നീന്തിക്കയറി താവളംതേടുന്ന
പൂങ്കാവനമങ്കനം;
പൊട്ടാത്ത കിനാവിന്റെ
ഹൃദയമിടിപ്പളക്കും
മാപിനിയുടെ ഹസ്തം;
വാദങ്ങളുതിർക്കും
വാങ്മയ അൽഗരിതം
വിരിയിക്കും വിചാരണ;
തീരങ്ങളിൽ തലതല്ലി
വിയോഗനിയോഗത്തിൽ
ചിതറുന്ന തിരയുടെ
ചിതാഭസ്മക്കുംഭം
ഓർമ്മക്കുറിപ്പായി
മൌലിയിൽ വഹിക്കൽ!
********************************************

ഡോഡോ*— വംശനാശംസംഭവിച്ച പറക്കാത്ത ഒരു പക്ഷി
വാഷി പാലം**— മുംബൈയെയും നവിമുംബൈയെയും ബന്ധിപ്പിക്കുന്ന പാലം
പൊവായ്തടാകം***— മുംബൈയിലെ ഒരു തടാകം